**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3784** **27-06-2024 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങളെ കായിക രംഗത്തേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിലുള്ള കോളേജ്തല സ്പോർട്സ് ഹോസ്റ്റലുകളിൽ മികച്ച രീതിയിൽ പരിശീലനം നടന്നുവരുന്നു. പ്രസ്തുത ഹോസ്റ്റലുകളിൽ, മികച്ച പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം നൽകി, വിവിധ കായികയിനങ്ങളിലായി ദേശീയ, അന്തർദേശീയ തലത്തിലുള്ള മത്സരങ്ങളിൽ യുവജനങ്ങളെ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നു. കൂടാതെ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ കായികതാരങ്ങൾക്കായി കോളേജ് ഗെയിംസ് സംഘടിപ്പിച്ചുവരുന്നുണ്ട്. അന്താരാഷ്ട്ര കായിക ഉച്ചകോടിയെത്തുടർന്നുള്ള ചർച്ചകൾക്ക് അനുസൃതമായി കോളേജ് സ്പോർട്സ് ലീഗ് ആരംഭിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്ത് കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/ പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/ നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളും |

സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

**പ്ലാൻ ഫണ്ട്**

സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/ സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**കിഫ്ബി പദ്ധതി**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1061 കോടി രൂപയുടെ 58 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ എസ്.പി.വി.യായ കിറ്റ്കോ മുഖാന്തിരം ഇതിൽ 18 പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിക്കുകയും 13 പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. 603 കോടി രൂപ അടങ്കൽ വരുന്ന 27 കിഫ്ബി പദ്ധതികൾ മുൻ എസ്.പി.വിയായ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏല്പിച്ചു.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം**

അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് 14.02.2024 ലെ സ.ഉ (സാധാ)നം.40/2024/കാ.യു.വ. ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അംഗീകാരം നൽകി, പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ**

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ്

| | | | |
|---|---|---|---|
| | | | സെന്ററുകളിൽ 16 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ഒരെണ്ണത്തിന്റെ പ്രവൃത്തി നടന്നുവരികയുമാണ്.<br><br>**<u>ഓപ്പൺ ജിം</u>**<br><br>1. ടൂറിസം വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 148 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നു.<br><br>2. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി ഹെൽത്ത് സെന്റർ, മൂലക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടന്നുവരുന്നു.<br><br>3. തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ, പരുതൂർ, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവർത്തിക്കായി ബഹു. എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിൽ ചാലിശ്ശേരി പഞ്ചായത്തിലെ ഓപ്പൺ ജിം പൂർത്തീകരിക്കുകയും ബാക്കി 3 പഞ്ചായത്തുകളിലേയും ഓപ്പൺ ജിം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>**<u>കായിക ക്ഷമതാ മിഷൻ</u>**<br><br>യുവജനങ്ങൾക്കിടയിൽ ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിൽ വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കായിക ക്ഷമതാ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനും, വ്യായാമത്തിനുവേണ്ട പ്രാധാന്യത്തെക്കുറിച്ച് വേണ്ട അവബോധം സൃഷ്ടിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനായുള്ള സൗകര്യം ഒരുക്കുന്നതിനും സാധിക്കുന്നതുമാണ്. |
| (സി) | യുവജനങ്ങൾക്കിടയിൽ ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിൽ വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വേണ്ട അവബോധം സൃഷ്ടിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനായുള്ള | (സി) | കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന |

| | |
|---|---|
| സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്; വിശദമാക്കുമോ? | പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/ പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/ നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കിവരുന്നു.<br><br>**<u>പ്ലാൻ ഫണ്ട്</u>**<br><br>സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/ സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായവ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.<br><br>**<u>കിഫ്ബി പദ്ധതി</u>**<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1061 കോടി രൂപയുടെ 58 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ എസ്.പി.വി.യായ കിറ്റ്കോ മുഖാന്തിരം ഇതിൽ 18 പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിക്കുകയും 13 പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. 603 കോടി രൂപ അടങ്കൽ വരുന്ന 27 കിഫ്ബി പദ്ധതികൾ മുൻ എസ്.പി.വിയായ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏല്പിച്ചു.<br><br>**<u>ഒരു പഞ്ചായത്ത് ഒരു കളിക്കളം</u>**<br><br>അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം |

ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് 14.02.2024 ലെ സ.ഉ (സാധാ)നം.40/2024/കാ.യു.വ. ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അംഗീകാരം നൽകി, പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ</u>**

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 16 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ഒരെണ്ണത്തിന്റെ പ്രവൃത്തി നടന്നുവരികയുമാണ്.

**<u>ഓപ്പൺ ജിം</u>**

1. ടൂറിസം വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 148 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നു.

2. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി ഹെൽത്ത് സെന്റർ, മൂലക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടന്നുവരുന്നു.

3. തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ, പരുതൂർ, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവർത്തിക്കായി ബഹു. എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിൽ ചാലിശ്ശേരി പഞ്ചായത്തിലെ ഓപ്പൺ ജിം പൂർത്തീകരിക്കുകയും ബാക്കി 3 പഞ്ചായത്തുകളിലേയും ഓപ്പൺ ജിം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**<u>കായിക ക്ഷമതാ മിഷൻ</u>**

യുവജനങ്ങൾക്കിടയിൽ ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിൽ വ്യായാമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കായിക ക്ഷമതാ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും

| | | | |
|---|---|---|---|
| | | | കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനും, വ്യായാമത്തിനുവേണ്ട പ്രാധാന്യത്തെക്കുറിച്ച് വേണ്ട അവബോധം സൃഷ്ടിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനായുള്ള സൗകര്യം ഒരുക്കുന്നതിനും സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ